# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം</u>

3875 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2014 മാർച്ച് 31 വരെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ; ഓരോ സ്ഥാപനത്തിനും ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ;

(ബി) വ്യവസായ നവീകരണത്തിനുവേണ്ടി പ്രസ്തുത കാലയളവിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങൾ</u>

3876 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമേഖലയിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പൊതുമേഖല സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്; ആയതിന്റെ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കേന്ദ്ര പൊതുമേഖലാവ്യവസായ നിക്ഷേപം</u>

3877 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് ഏതെങ്കിലും കേന്ദ്ര പൊതുമേഖലാവ്യവസായ നിക്ഷേപം വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) എങ്കിൽ ഏതെല്ലാം കമ്പനികൾ എത്ര രൂപ വീതം നിക്ഷേപിച്ചുയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>പരമ്പരാഗത വ്യവസായങ്ങളുടെ പുനഃരുദ്ധാരണം</u>

3878 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളുടെ പുനഃരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പരമ്പരാഗത മേഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ മെച്ചപ്പെടുത്തി പുതിയ സാധ്യതകൾ കണ്ടെത്തുന്നതിനായി എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ</u>

3879 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര തസ്തികകളിലേക്ക് സ്ഥിരമായും താല്കാലികമായും നിയമനങ്ങൾ നടന്നിട്ടുണ്ടെന്നുള്ളതിന്റെ വിശദവിവരം വർഷംതിരിച്ച് നൽകുമോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ എത്രയെണ്ണം പി.എസ്.സി മുഖേന നടന്നിട്ടുണ്ട്; തസ്തികകൾ തിരിച്ചും സ്ഥാപനങ്ങൾ തിരിച്ചുമുള്ള വിശദ വിവരങ്ങൾ നൽകുമോ;

(സി) പ്രസ്തുത നിയമനങ്ങളിൽ എത്ര തസ്തികകളിലേക്ക് സ്ഥാപനങ്ങൾ നേരിട്ട് നിയമനങ്ങൾ നടത്തിയിട്ടുണ്ട്; തസ്തികകൾ തിരിച്ചും സ്ഥാപനങ്ങൾ തിരിച്ചുമുള്ള വിശദ വിവരങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>അരൂര്‍ മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം</u>

3880 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം അരൂര്‍ മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളായ തുറവൂര്‍ സില്‍ക്കിന്റേയും അരൂര്‍ കെല്‍ട്രോണ്‍ കണ്‍ട്രോള്‍സിന്റേയും നവീകരണത്തിനായി എത്ര രൂപ വീതം നല്‍കി എന്നും പ്രസ്തുത തുക എന്തൊക്കെ പ്രവൃത്തികള്‍ക്ക് വിനിയോഗിച്ചു എന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>സിൽക്കിനെ സംരക്ഷിക്കുന്നതിന് നടപടി</u>

3881 ശ്രീ. എളമരം കരീം
,, ബാബു എം. പാലിശ്ശേരി
,, പി. ശ്രീരാമകൃഷ്ണൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ സിൽക്കിനെ സംരക്ഷിക്കുന്നതിന് കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന പദ്ധതികൾ തുടരുന്നതിൽ ഈ സർക്കാർ സ്വീകരിച്ച നിലപാടുകൾ വ്യക്തമാക്കാമോ;

(ബി) 'സിൽക്കി'ന്റെ പ്രവർത്തന പുരോഗതിക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റെയിൽവേയുമായി ധാരണാപത്രത്തിൽ ഒപ്പു വെച്ചിട്ടുണ്ടായിരുന്നുവോ; ഇതിൽ നിന്ന് റെയിൽവേ ഏകപക്ഷീയമായി പിന്മാറിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; ഇത് സിൽക്കിന്റെ പുരോഗതിക്ക് തടസ്സമായതായി കരുതുന്നുണ്ടോ;

(സി) 'സിൽക്കി'ന്റെ നിലനില്പിനായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ചതും തുക അനുവദിച്ചതുമായ സ്റ്റീൽ കാസ്റ്റിംഗിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പല ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളും വിജയകരമായി പൂർത്തിയാക്കിയിട്ടുള്ള സിൽക്കിന് പുതിയ പ്രോജക്ടുകൾ ലഭ്യമാക്കുന്നതിനും ആവശ്യമായ മൂലധനം ലഭ്യമാക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കെല്ലിനെ പ്രവര്‍ത്തനക്ഷമമാക്കാന്‍ നടപടി</u>

3882 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. സി. കെ. സദാശിവന്‍
,, എസ്. ശര്‍മ്മ
,, സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെല്ലിനെ ഭെല്‍ ഏറ്റെടുത്തതിനുശേഷമുള്ള അവസ്ഥ പരിശോധിച്ചിട്ടുണ്ടോ;

(ബി) കെല്ലിനെ ഭെല്‍ ഏറ്റെടുക്കുമ്പോള്‍ ഉണ്ടാക്കിയ ഉടമ്പടിയിലെ വ്യവസ്ഥകള്‍ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഭെല്ലുമായുണ്ടാക്കിയ സംയുക്ത സംരംഭ ധാരണയനുസരിച്ച് കെല്ലിനെ പ്രവര്‍ത്തനക്ഷമമാക്കുന്നതിന് ഈ സര്‍ക്കാര്‍ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള കെല്ലിന്റെ മറ്റ് യൂണിറ്റുകളുടെ സ്ഥിതിയും ആശാവഹമല്ലെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കില്‍ ഇക്കാര്യത്തില്‍ എന്ത് നടപടി സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ലൈഫ് സയൻസ് പാർക്ക്</u>

3883 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എം. പി. വിൻസെന്റ്
,, പാലോട് രവി
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സിയുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) വൈദ്യഗവേഷണരംഗത്തും മറ്റ് ജീവശാസ്ത്രമേഖലയിലും അവസരങ്ങൾ ഒരുക്കുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇത് യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>വ്യവസായഗ്രാമം പദ്ധതി</u>

3884 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ആർ. സെൽവരാജ്
,, പി. എ. മാധവൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദ്യ വ്യവസായ ഗ്രാമ പ്രഖ്യാപനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) വ്യവസായ ഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് അനുകൂലമായ സ്ഥലങ്ങളിൽ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ഗ്ലോബൽ ആയുർവേദ വില്ലേജ്</u>

3885 ശ്രീ.വി. ഡി. സതീശൻ
,, എം.എ വാഹീദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഗ്ലോബൽ ആയുർവേദ വില്ലേജ് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ഗ്ലോബൽ ആയുർവേദ വില്ലേജിൽ ആയുർവേദത്തിന്റെ സമ്പൂർണ്ണ വികസനത്തിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സജ്ജമാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ആധുനികവൽക്കരണം</u>

3886 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>വ്യവസായ യൂണിറ്റുകൾക്കും നിക്ഷേപകർക്കും</u>
<u>സർക്കാർ ഭൂമി പതിച്ചു നൽകുന്ന നടപടി</u>

3887 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് വ്യവസായിക ആവശ്യത്തിനായി എത്ര വ്യവസായ യൂണിറ്റുകൾക്കും നിക്ഷേപകർക്കും എത്ര വീതം സർക്കാർ ഭൂമി പതിച്ചുനൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതൊക്കെ യൂണിറ്റുകൾക്കും വ്യക്തികൾക്കുമാണ് ഭൂമി നൽകിയതെന്ന് വിശദമാക്കുമോ;

(സി) വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഈ സർക്കാർ എത്ര സർക്കാർ ഭൂമി ആർക്കൊക്കെ ലീസിനു നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പതിച്ചു നൽകുന്നതിനും ലീസിനു നൽകുന്നതിനും സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>വ്യാവസായികാവശ്യങ്ങൾക്കായി സ്വകാര്യഭൂമി ഏറ്റെടുക്കുന്ന നടപടി</u>

3888 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് വ്യാവസായിക ആവശ്യങ്ങൾക്കായി എത്ര സ്വകാര്യഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം വ്യാവസായിക ആവശ്യങ്ങൾക്കായി എവിടെയൊക്കെ, എത്രവീതം ഭൂമി എറ്റെടുത്തെന്നു വിശദമാക്കാമോ;

(സി) ഇതിനായി സ്വീകരിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(ഡി) സ്ഥലം ഏറ്റെടുക്കുന്നതിന് മൊത്തം എന്തു തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

## രാമനാട്ടുകര പഞ്ചായത്തിൽ കിൻഫ്ര ഏറ്റെടുത്ത ഭൂമി

3889 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ രാമനാട്ടുകര പഞ്ചായത്തിൽ കിൻഫ്ര ഏറ്റെടുത്ത ഭൂമിയിൽ വികസന പ്രവർത്തനം നടത്തുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികൾക്കാണ് ഈ ഭൂമി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ പദ്ധതികൾ എന്ന് ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>കുപ്പിവെള്ളം - ഗുണനിലവാര നിബന്ധനകൾ</u>

T3890 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുപ്പിവെള്ളം വിതരണം ചെയ്യുന്ന എത്ര കമ്പനികളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) കുപ്പിവെള്ളം വിൽപ്പനയ്ക്ക് എന്തൊക്കെ നിബന്ധനകൾ പാലിക്കണമെന്ന് വ്യക്തമാക്കുമോ;

(സി) ഗുണനിലവാര പരിശോധനകൾ പൂർത്തിയാക്കിയാണോ സംസ്ഥാനത്ത് കുടിവെള്ള വിതരണം നടത്തുന്നത് എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കുടിവെള്ള പ്ലാന്റുകൾ</u>

T3891 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ എത്ര കുടിവെള്ള പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ ;

(ബി) കുടിവെള്ള പ്ലാന്റുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) സഹകരണ സംഘങ്ങൾവഴി സംസ്ഥാനത്ത് എവിടെയെങ്കിലും കുടിവെള്ള വിതരണമോ, പ്ലാന്റോ പ്രവർത്തിക്കുന്നുണ്ടോ ;

(ഡി) കുടിവെള്ള പ്ലാന്റുകൾ ആരംഭിക്കുന്നതിന് സഹകരണ സംഘങ്ങൾ തയ്യാറായാൽ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ഇൻകെൽ ഏറ്റെടുത്ത പദ്ധതികൾ</u>

3892 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ഏപ്രിൽ മുതൽ 2014 മാർച്ച് വരെ ഇൻകെൽ ഏതെല്ലാം പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതികളിൽ എത്ര രൂപയുടെ നിക്ഷേപം നടത്തിയെന്ന് വ്യക്തമാക്കുമോ ;

(സി) അടിസ്ഥാനസൗകര്യവികസന മേഖലയിൽ പുതിയ ഏതെങ്കിലും പദ്ധതികൾ ഏറ്റെടുക്കാൻ ഇൻകെൽ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

സിഡ്കോ ആവിഷ്കരിച്ച് നടപ്പിലാക്കിയ പുതിയ പദ്ധതികൾ

3893 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സിഡ്കോ ഏതെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്നും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ; ഓരോ യൂണിറ്റിന്റേയും ആസ്ഥാനം എവിടെയാണ് പ്രവർത്തിക്കുന്നത്;

(ബി) 2010 ഏപ്രിൽ ഒന്നിന്ശേഷം സിഡ്കോയിൽ ആകെ എത്ര നിയമനം നടന്നിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർ എത്ര വീതമുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>സിഡ്കോ ഏറ്റെടുത്ത വലിയമല കോളനി വികസന പദ്ധതി</u>

3894 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് വ്യവസായ വകുപ്പിന് കിഴിലുള്ള വിവിധ ഏജൻസികൾ നേരിട്ടും അല്ലാതെയും കോഴിക്കോട് ജില്ലയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾ/പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) സിഡ്കോ കോഴിക്കോട് ജില്ലയിൽ ഏറ്റെടുത്ത നടപ്പാക്കുന്ന പ്രവൃത്തികൾ ഏതെല്ലാം; അത് ഏതെല്ലാം നിയോജക മണ്ഡലത്തിൽ;

(സി) കൊയിലാണ്ടി മണ്ഡലത്തിൽ സിഡ്കോ ഏതെങ്കിലും പദ്ധതി /പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ടോ യെന്ന് വിശദമാക്കുമോ;

(ഡി) മൂടാടി ഗ്രാമപഞ്ചായത്തിലെ വലിയമല കോളനി വികസന പദ്ധതി സിഡ്കോ ഏറ്റെടുത്ത പദ്ധതിയാണോ; എങ്കിൽ എന്നാണ് കരാർ എടുത്തത്; കരാർ എടുത്തതിന് ശേഷം ഇപ്പോൾ എത്ര കാലമായി;

(ഇ) ഇതുവരെ എന്തെല്ലാം പ്രവൃത്തികൾ ഇക്കാലയളവിനുള്ളിൽ ചെയ്തു; കരാർ അനുസരിച്ച് എത്ര കാലത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് സിഡ്കോ തിരുമാനിച്ചതെന്ന് വിശദമാക്കുമോ;

(എഫ്) പഠന സമയക്രമമനുസരിച്ച് എത്രമാത്രം പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; പ്രവൃത്തി ഇപ്പോൾ മുടങ്ങി കിടക്കുകയാണ് എന്നതും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സിഡ്കോ താൽപര്യം കാണിക്കുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എച്ച്) അടിയന്തരമായി ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് പ്രകൃതിവാതക വിതരണ ശൃംഖല</u>

T3895 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതി വാതക വിതരണ ശൃംഖല നിർമ്മിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ യെന്ന് വ്യക്തമാക്കുമോ;

(ബി) വാതക വിതരണത്തിന് എത്ര കിലോമീറ്റർ നീളത്തിൽ പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുണ്ടെന്നും, ഇത് ഏതൊക്കെ ജില്ലകളിലാണെന്നും വ്യക്തമാക്കുമോ;

(സി) ഇതുവഴിയുള്ള പ്രതിദിന ഗ്യാസ് വിതരണം ശരാശരി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) മംഗലാപുരം-കൊച്ചിൻ പ്രകൃതി വാതക പൈപ്പ്ലൈൻ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ഇ) കോഴിക്കോട് ജില്ലയിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ റൂട്ട് മാപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി

3896 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>ബേപ്പൂരിലെ മറൈൻ പാർക്ക്</u>

3897 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂരിലെ മറൈൻ പാർക്കിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പാർക്കിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ ഫണപ്പുഴയിൽ കിൻഫ്രപാർക്ക്</u>

3898 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഫണപ്പുഴ വില്ലേജിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഉദുമയിൽ ചെറുകിട വ്യവസായ പാർക്ക്</u>

3899 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ കാസർഗോഡ് ജില്ലയിലെ ഉദുമയിൽ ചെറുകിട വ്യവസായ പാർക്ക് സ്ഥാപിക്കുമെന്ന കഴിഞ്ഞ ബജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കഴിഞ്ഞ ബജറ്റിൽ കിൻഫ്രയ്ക്ക് എത്ര കോടി രൂപയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ കാസർഗോഡ് ജില്ലയിലെ ഉദുമയിൽ ചെറുകിട വ്യവസായ പാർക്ക് സ്ഥാപിക്കാൻ എന്ത് തുക ചെലവഴിച്ചുവെന്നുള്ള വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

ബേപ്പൂര്‍ മണ്ഡലത്തിലെ ചാലിയത്ത് ഫിഷ്ലാന്റിംഗ് സെന്റര്‍

3900 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബേപ്പൂര്‍ മണ്ഡലത്തിലെ ചാലിയത്ത് ഫിഷ്ലാന്റിംഗ് സെന്റര്‍ സ്ഥാപിക്കുന്ന പദ്ധതി കിന്‍ഫ്ര ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഇതിനായി ഏതു തീയതി മുതല്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

എമര്‍ജിംഗ് കേരള സംഗമം

3901 ശ്രീ. വി.എസ്. സുനില്‍ കുമാര്‍
,, ഇ.കെ. വിജയന്‍
ശ്രീമതി. ഗീതാഗോപി
ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നടത്തിയ എമര്‍ജിംഗ് കേരള സംഗമത്തില്‍ വിവിധ വകുപ്പുകളിലായി എത്ര പദ്ധതി നിര്‍ദ്ദേശങ്ങള്‍ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) മൊത്തം പദ്ധതികളിലെല്ലാം കൂടി എത്ര കോടിയുടെ നിക്ഷേപമാണ് പ്രതീക്ഷിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം പദ്ധതികള്‍ പുരോഗമിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) എമര്‍ജിംഗ് കേരള സംഗമത്തിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

എമർജിംഗ് കേരള

3902 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടത്തിയ എമർജിംഗ് കേരള പരിപാടിയിലൂടെ സംസ്ഥാനം ഏതൊക്കെ സ്ഥാപനങ്ങളുമായും വ്യക്തികളുമായും ഏതൊക്കെ പദ്ധതികൾ ആരംഭിക്കുന്നതിന് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് (എം.ഒ.യു) ഒപ്പിട്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര പദ്ധതികൾ ഇതിനകം ആരംഭിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനായി എത്ര നിക്ഷേപകർ ഇതിനകം എന്ത് തുക നിക്ഷേപം നടത്തിയെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>എമർജിംഗ് കേരള</u>

3903 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എമർജിംഗ് കേരളയുടെ ഭാഗമായി ധാരണാപത്രം ഒപ്പുവച്ച കമ്പനികളിൽ എത്ര എണ്ണം സർക്കാരുമായി എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള പദ്ധതി</u>

3904 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട സർക്കാർ ഭൂമി ഏതെങ്കിലും കമ്പനിക്ക് പാട്ടവ്യവസ്ഥയിലോ, മറ്റേതെങ്കിലും വ്യവസ്ഥയിലോ നൽകേണ്ടിവന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികൾക്ക്, എത്ര അളവിൽ എന്ന് വിശദമാക്കുമോ;

(ബി) ഇനിയും സംരംഭങ്ങൾ സ്ഥാപിക്കുവാനുണ്ടോ; എങ്കിൽ എത്ര;

(സി) പ്രസ്തുത പരിപാടികൾക്കായി സർക്കാരിന് ഇതുവരെ എന്തു തുക ചെലവഴിക്കേണ്ടിവന്നിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>എമർജിംഗ് കേരളയിലൂടെ വിവരസാങ്കേതിക വിദ്യാരംഗത്തെ പദ്ധതികൾ</u>

3905 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിലൂടെ വിവരസാങ്കേതിക വിദ്യാരംഗത്ത് ഏതെല്ലാം പദ്ധതികളാണ് വന്നിട്ടുള്ളത്;

(ബി) അതിൽ ഏതെല്ലാമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>ആറന്മുള വിമാനത്താവള പദ്ധതി പ്രദേശത്തെ ഡീനോട്ടിഫിക്കേഷന്‍ നടത്തുവാന്‍ നടപടി</u>

3906 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ആറന്മുള വിമാനത്താവള പദ്ധതിയുമായി ബന്ധപ്പെട്ട് വ്യവസായ മേഖലയായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങള്‍ ഡീനോട്ടിഫിക്കേഷന്‍ നടത്തി പൂര്‍വ്വസ്ഥിതിയിലെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് എന്തെങ്കിലും പ്രവര്‍ത്തനങ്ങള്‍ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>നാട്ടിക മണ്ഡലത്തിലെ അക്ഷയകേന്ദ്രങ്ങൾ</u>

3907 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അക്ഷയ പദ്ധതി പ്രകാരം ഇപ്പോൾ സംസ്ഥാനത്ത് എത്ര അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) തൃശൂർ ജില്ലയിൽ മാത്രം എത്ര അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) നാട്ടിക നിയോജകമണ്ഡലത്തിൽ ഇപ്പോൾ പ്രവർത്തനക്ഷമമായ എത്ര അക്ഷയകേന്ദ്രങ്ങൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വിശദീകരിക്കുമോ?

(ഡി) പുതിയ അക്ഷയകേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിന് പ്രത്യേകമായ മാനദണ്ഡങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഇ) നാട്ടിക നിയോജകമണ്ഡലത്തിൽ പുതിയ അക്ഷയകേന്ദ്രങ്ങൾ ആരംഭിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ കെ.എസ്.ടി.സി.യുടെ കീഴിൽ വ്യവസായ യൂണിറ്റ്

3908 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ കെ.എസ്.ടി.സി.യുടെ കീഴിൽ പുതിയ വ്യവസായ യൂണിറ്റ് ആരംഭിച്ചിരുന്നുവോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ സ്ഥാപനം പിന്നോക്ക ജില്ലയായ കാസർഗോഡ് അനുവദിക്കുമ്പോഴുണ്ടായിരുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ ;

(സി) ഈ സ്ഥാപനത്തിൽ നിലവിൽ ഉല്പാദനം നടക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(ഡി) ഉല്പാദനം ആരംഭിക്കാതെ കോടിക്കണക്കിനു രൂപയുടെ മെഷിനറികൾ നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം മേൽ സ്ഥാപനത്തിൽ ഉല്പാദനം ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>മാവേലിക്കര, കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന അനധികൃത സ്ഥാപനങ്ങൾ</u>

3909 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിന്നും സ്ഥലം വാടകയ്ക്ക് എടുത്തശേഷം മറിച്ചു നൽകുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനു കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഇവിടെ അനധികൃതമായി ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

കെ.എസ്.ഐ.ഇ.യിൽ ഡെപ്യൂട്ടേഷൻ സ്റ്റാഫിന്റെ
വിദ്യാഭ്യാസ യോഗ്യത

3910 ശ്രീമതി പി.അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ എക്സിക്യൂട്ടീവ് പോസ്റ്റുകളിലെ നിയമനത്തിന് വേണ്ട കുറഞ്ഞ യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഐ.ഇ.യിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നവരുടെ പേര്, തസ്തിക, വിദ്യാഭ്യാസ യോഗ്യത എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ മണൽ</u>

3911 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ മണൽ ലഭിക്കാത്തതുമൂലം ഉണ്ടായിട്ടുള്ള മാന്ദ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മണൽ ദൗർലഭ്യം പരിഹരിക്കുവാൻ എന്ത് ബദൽ സംവിധാനമാണ് സർക്കാർ കണ്ടെത്തിയിരിക്കുന്നത് എന്ന് പറയാമോ;

(ബി) നിർമ്മാണാവശ്യത്തിന് കടൽമണ്ണ് ശുദ്ധീകരിച്ച് വിൽപ്പന നടത്തുവാൻ പദ്ധതിയിട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുവേണ്ടി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

ചെങ്കൽ, കരിങ്കൽ, മണൽ ഖനനം

T3912 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്കൽ, കരിങ്കൽ, മണൽ ഖനനത്തിന് അനുമതി ലഭിക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ വിഭാഗത്തിനും സർക്കാറിന് ലഭിക്കേണ്ട ഫീസ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഖനനത്തിന് അനുമതി ലഭിക്കുന്നവർ നിശ്ചിത അളവിൽ മാത്രമേ ഖനനം നടത്തുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ സംവിധാനം നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ചെങ്കൽ, കരിങ്കൽ എന്നിവ എത്ര ആഴത്തിൽവരെ ഖനനം ചെയ്യുന്നതിനാണ് അനുമതിയുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) 2013-14 വർഷത്തിലും നടപ്പുവർഷത്തിൽ ഇതുവരെയും കൊയിലാണ്ടി താലൂക്കിൽ എത്ര പേർക്ക് ചെങ്കൽ, കരിങ്കൽ ഖനനത്തിന് അനുമതി നൽകിയിട്ടുണ്ട് എന്ന് പഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത പഞ്ചായത്തുകളിൽ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന എത്ര ഖനന കേന്ദ്രങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>കരിമണൽ ഖനനം</u>

T3913 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരിമണൽ ഖനനം വർദ്ധിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരിമണൽ ഖനനംമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) നിയന്ത്രിതമായ തോതിൽ കരിമണൽ ഖനനം നടത്തുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കുമോ വിശദാംശം നൽകുമോ ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കടലാടിപ്പാറ ഖനനം</u>

3914 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലാടിപ്പാറ ഖനനത്തിന് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിന് അനുവാദം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ഡി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

## കെട്ടിട നിർമ്മാണത്തിന് മണ്ണുമാറ്റുന്നതിനും കല്ലു പൊട്ടിക്കുന്നതിനുമുള്ള അനുമതി

3915 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് മണ്ണെടുത്തു മാറ്റുന്നതിനും കല്ലുകൾ പൊട്ടിച്ചു നീക്കുന്നതിനും മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി വാങ്ങേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഗാർഹിക ആവശ്യങ്ങൾക്കു കെട്ടിടം നിർമ്മിക്കുന്നതിനും പ്രസ്തുത അനുമതി വാങ്ങേണ്ടതുണ്ടോ; അനുമതി ലഭിക്കുന്നതിന് ഓരോ വിഭാഗത്തിനും നൽകേണ്ട ഫീസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സർക്കാർ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഇത്തരത്തിൽ ഫീസടച്ച് അനുമതി വാങ്ങേണ്ടതുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണം മൈനിംഗ് & ജിയോളജി വകുപ്പ് തടഞ്ഞതായുള്ള പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തു കാരണത്താലാണ് നിർമ്മാണം തടഞ്ഞത്; നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ടോ; ഇതിൽ അനുമതിക്കായി എത്ര തുകയാണ് മൈനിംഗ് & ജിയോളജി വകുപ്പ് ഈടാക്കിയത്; ഇതിന്റെ മാനദണ്ഡം എന്താണ്;

(ഡി) സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഇത്തരം നിയമങ്ങൾ കാലതാമസം ഉണ്ടാക്കുന്ന പശ്ചാത്തലത്തിൽ പ്രസ്തുത വ്യവസ്ഥയിൽനിന്ന് സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>കൈത്തറി സംഘങ്ങൾക്ക് കൊടുക്കുവാനുള്ള റിബേറ്റ് കുടിശ്ശിക</u>

3916 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിബേറ്റ് ലഭിക്കാത്തതിനാൽ കൊല്ലം ജില്ലയിലെ കൈത്തറി സംഘങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) സംഘങ്ങൾക്ക് കൊടുക്കാനുള്ള റിബേറ്റ് കുടിശ്ശിക എത്രയെന്നറിയിക്കാമോ; ഈ സർക്കാർ അധികാരമേറ്റ ശേഷം റിബേറ്റ് കുടിശ്ശിക ഇനത്തിൽ എത്ര തുക നല്കി എന്നറിയിക്കുമോ; റിബേറ്റ് കുടിശ്ശിക ഉടൻ നല്കുന്നതിന് നടപടി സ്ഥീകരിക്കുമോ;

(സി) ക്യാഷ് ക്രെഡിറ്റ് അക്കൗണ്ടിൽ പലിശ കൂടിശ്ശിക ഉള്ളതിനാൽ പ്രസ്തുത അക്കൗണ്ടിൽ വില്പന തുക നിക്ഷേപിച്ചാൽ സംഘങ്ങൾക്ക് തുക പിൻവലിച്ച് പ്രവർത്തനത്തിന് വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കൈത്തറി സംഘങ്ങൾക്ക് ആർ.ആർ.ആർ. പദ്ധതി</u>

3917 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കൈത്തറി സംഘങ്ങൾക്ക് റിഫോം, റിവൈവൽ ആന്റ് റിസ്ട്രക്ച്ചറിംഗ് (ആർ.ആർ.ആർ) പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച തുക എത്രയെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഈ സർക്കാർ അനുവദിച്ച തുക എത്രയെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ എത്ര സംഘങ്ങളുണ്ടെന്നറിയിക്കുമോ; ഓരോ സംഘത്തിനും അനുവദിച്ച് നൽകിയ തുക എത്രയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ഐ.റ്റി. പാർക്കുകളുടെ പ്രവർത്തനം</u>

3918 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു. റ്റി. തോമസ്
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര ഐ.റ്റി പാർക്കുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ഓരോന്നിലും എത്ര സ്ഥാപനങ്ങളും എത്ര ജീവനക്കാരും പ്രവർത്തിക്കുന്നു എന്നത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഐ.റ്റി പാർക്കുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിനുമായി എന്ത് സംവിധാനമാണ് നിലവിലുള്ളതെന്നും അത് സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ഐ. ടി മേഖലയിലെ നേട്ടങ്ങൾ</u>

3919 ശ്രീ. സി. മോയിൻകുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, റ്റി. എ. അഹമ്മദ് കബീർ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. വിപണിയിൽ സംസ്ഥാനത്തിന് അർഹമായ സ്ഥാനം നേടിയെടുക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഐ. ടി പാർക്കുകളുടെ നിർമ്മാണത്തിലും, ഐ. ടി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നകാര്യത്തിലും കൈവരിയ്ക്കാനായ നേട്ടങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ഇ-സംഭരണ സംവിധാനം</u>

3920 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-സംഭരണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) എന്തെല്ലാം ഗുണഫലങ്ങളാണ് പ്രസ്തുത സംവിധാനം വഴി വിവിധ വകുപ്പുകൾക്ക് ലഭ്യമാകുകയെന്ന് വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>വാൻ പദ്ധതി</u>

3921 ശ്രീ. കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'വാൻ'(ഡബ്ല്യൂ.എ.എൻ) പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിവിധ സർക്കാർ ഓഫീസുകൾക്ക് യഥേഷ്ടം വീഡിയോ കണക്ടിവിറ്റി സാദ്ധ്യമാക്കാനും ഒരേ കെട്ടിട സമുച്ചയത്തിലെ വിവിധ വകുപ്പുകളെ ഓപ്റ്റിക് ശൃംഖല വഴി ബന്ധിപ്പിക്കാനും എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) എല്ലാ ഓഫീസ് സമുച്ചയങ്ങളിലും പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

എല്ലാ സർക്കാർ സേവനങ്ങളും ഒരുകുടക്കീഴിൽ കൊണ്ടു വരുന്നതിന് ഐ. ടി. വകുപ്പ് മുഖേന പദ്ധതി

3922 ശ്രീ. പാലോട് രവി
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. വകുപ്പ് മുഖേന എല്ലാ സർക്കാർ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുക എന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ; വിശദമാക്കുമോ ;

(ബി) ഇതിനായി രൂപം നൽകിയ പോർട്ടൽ നിലവിൽ വന്നിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് ആരെല്ലാമാണ് സഹകരിച്ചതെന്ന് വിശദമാക്കാമോ ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് പോർട്ടലിൽ നിന്നും ജനങ്ങൾക്ക് ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>സർക്കാർ ഓഫീസുകളിൽ ഡി. ഡി. എഫ്. എസ്. സംവിധാനം</u>

3923 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ഓഫീസുകളിൽ ഡി. ഡി. എഫ്. എസ്.(ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം) നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പുതുതായി ഏതെല്ലാം ഓഫീസുകളിലാണ് ഡി. ഡി. എഫ്. എസ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ഓഫീസുകളിൽ ഈ സംവിധാനം നടപ്പിലാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതോടെ ഭാവിയിൽ അധികമായിവരുന്ന തസ്തികകൾ ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഈ സംവിധാനം എന്നുമുതലാണ് നടപ്പാക്കി തുടങ്ങിയതെന്നും ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(എഫ്) പദ്ധതി നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് സംസ്ഥാന ബജറ്റ് വിഹിതത്തിൽനിന്നാണോ; അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ഏജൻസി മുഖേനയാണോയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ജി) പദ്ധതി നടപ്പിലാക്കുന്ന ഏജൻസി ഏതാണെന്നും പദ്ധതിക്കായി ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(എഫ്) ഈ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ പോരായ്മകൾ എന്തെങ്കിലും കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ജി) പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിലുള്ള ഓഫീസ് മാനുവലുകൾ പരിഷ്ക്കരിക്കണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ ഐ.ടി. പാർക്ക്

3924 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ എന്ന സ്ഥലത്ത് ആരംഭിക്കാൻ നിശ്ചയിച്ച ഐ.ടി. പാർക്ക് എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഐ.ടി. പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ എന്തെങ്കിലും തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?